**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 354 27.02.2017- ൽ മറുപടിയ്ക്ക്

## മുതിർന്ന പൗരന്മാരുടെ സുരക്ഷയും ക്ഷേമവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ഡോ.എം.കെ.മുനീർ<br>ശ്രീ.അബ്ദുൽ ഹമീദ്.പി.<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ സുരക്ഷയും ക്ഷേമവും മുൻനിർത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും മുൻനിറുത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ് സ്വീകരിച്ച് 300 ഓളം സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകിവരുന്നു. ഒരു അന്തേവാസിക്കുവേണ്ടി പ്രതിമാസം 2000 രൂപ ഭക്ഷണത്തിനും 1000 രൂപ മരുന്നിനും 200 രൂപ കോസ്മെറ്റിക്കിനും പ്രതിവർഷം 2000 രൂപ വസ്ത്രത്തിനും 1500 രൂപ റിക്രിയേഷൻ/ടൂർ എന്നിവയ്ക്കും |

| | | | |
|---|---|---|---|
| | | | ഹെയർകട്ടിംഗിന് 600 രൂപയും കണ്ടിജൻസീസിന് 10,000 രൂപയും നല്കി വരുന്നു.<br>കൂടാതെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വയോജനങ്ങൾക്കായി വയോമിത്രം പദ്ധതിയിലൂടെ സൗജന്യ വൈദ്യസഹായവും മരുന്നും വയോജനങ്ങൾക്ക് അവരുടെ സൗകര്യാർത്ഥം എത്തിക്കുന്നതിനായി മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.<br>പല്ലുകൾ പൂർണ്ണമായ് നഷ്ടപ്പെട്ടവരോ കേടുപാടുകൾ വന്ന പല്ലുകൾ മാറ്റിവയ്ക്കേണ്ട അവസ്ഥയിലുള്ളവരോ ആയ ബി.പി.എൽ.വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ വയ്ക്കുന്നതിന് മന്ദഹാസം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ വയോ അമൃതം എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.<br>60 വയസ്സ് കഴിഞ്ഞവർക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ വാർദ്ധക്യകാല പെൻഷൻ നൽകി വരുന്നുണ്ട് 60 വയസ്സ് കഴിഞ്ഞവർക്ക് 1000 രൂപയും 75 വയസ്സ് കഴിഞ്ഞവർക്ക് 1500/- രൂപയുമാണ് നിലവിൽ പെൻഷനായി നൽകി വരുന്നത്. തിരുവനന്തപുരം ജില്ലയിലെ രണ്ട് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മ്യൂസിക് തെറാപ്പി നല്കി വരുന്നു.<br>ആരോഗ്യവകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃ |

| | | | |
|---|---|---|---|
| | | | വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്ക് ആശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യപദ്ധതി നടപ്പിലാക്കിവരുന്നു.<br>രോഗനിർണ്ണയം, മരുന്നുവിതരണം, കൗൺസിലിംഗ്, പകൽവീട് എന്നീ സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | അവർക്കായി നടപ്പാക്കിയിരുന്ന പദ്ധതികളിൽ പലതും നിന്നുപോവുകയോ ഫലപ്രദമാവാതിരിക്കുകയോ ആണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | വാർദ്ധക്യത്തിന്റെ അവശതകളും അരക്ഷിതബോധവും പേറി ജീവിക്കേണ്ടിവരുന്ന മുതിർന്ന പൗരന്മാർക്കായി നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇവർക്ക് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുള്ള പദ്ധതികളെല്ലാം തന്നെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.<br>കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് ഓരോ പഞ്ചായത്തിലെയും വയോജനങ്ങൾക്ക് സമ്പൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വയോജനസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കി വരുന്നു. |

S. Bindu

**സെക്ഷൻ ഓഫീസർ.**